**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2616** **17-03-2022 - ൽ മറുപടിയ്ക്ക്**

**കോട്ടയം ടെക്സ്റ്റയിൽസിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ടെക്സ്റ്റയിൽസ് തുറന്ന് പ്രവർത്തിപ്പിച്ചതിന് ശേഷമുള്ള കമ്പനിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 15.11.2021 തീയതി മുതൽ കോട്ടയം ടെക്സ്റ്റൈൽസ് തുറന്ന് പ്രവർത്തിപ്പിക്കുകയുണ്ടായി. പ്രവർത്തനം പുന:രാരംഭിച്ച ശേഷം 06.12.2021 തീയതി മുതൽ മൂന്ന് ഷിഫ്റ്റിലും ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. മില്ലിലെ സ്ഥിരം - ബദലി വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് ജോലി നൽകി വരുന്നു. ആദ്യ ഘട്ടമായി പ്രവർത്തിപ്പിക്കുവാൻ തീരുമാനിച്ച 40 മെഷീനുകളിൽ 24 മെഷീനുകൾ പ്രവർത്തനക്ഷമമാണ്. 35 മുതൽ 40 ശതമാനം വരെ മെഷീൻ യൂട്ടിലൈസേഷൻ കൈവരിക്കുവാൻ ഇതുവരെ കഴിഞ്ഞിട്ടുണ്ട്. ഈ യൂണിറ്റിന്റെ പ്രവർത്തനം പുന:രാരംഭിക്കുന്നതിന്റെ ഭാഗമായി ഈ സാമ്പത്തിക വർഷം 320 ലക്ഷം രൂപ ബഡ്ജറ്റിൽ നിന്നുള്ള സഹായമായി നല്കിയിട്ടുണ്ട്. |
| (ബി) | 2016-നു ശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയാത്ത സാഹചര്യം പരിഹരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | 2016ന് ശേഷം റിട്ടയർ ചെയ്ത ജീവനക്കാരുടെ ഗ്രാറ്റുവിറ്റി കൊടുക്കാൻ കഴിയാത്ത സാഹചര്യം പരിഹരിച്ചു വരുന്നു. ഈ ഇനത്തിൽ 2016ന് ശേഷം 14 പേർക്കായി 35.37 ലക്ഷം രൂപ ഗ്രാറ്റുവിറ്റി നൽകി. ബാക്കി 12 പേർക്ക് നൽകുവാനുള്ള 26.88 ലക്ഷം രൂപ കൊടുക്കുവാനുള്ള നടപടികൾ മിൽ സ്വീകരിച്ചു വരുന്നു. |
| (സി) | മില്ലിലെ ജീവനക്കാരുടെ സഹകരണ സംഘത്തിന് മില്ല് നൽകാനുള്ള കുടിശ്ശിക കാരണം പ്രവർത്തനം നിലച്ചത് പുനരുജ്ജീവിപ്പിക്കാൻ മാനേജ്മെന്റ് നടപടി സ്വീകരിക്കുമോ; | (സി) | മില്ലിലെ ജീവനക്കാരുടെ സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ സംഘത്തിന് മിൽ നൽകുവാനുള്ള കുടിശ്ശിക തുകയിൽ 21.92 ലക്ഷം രൂപ നൽകിയിട്ടുണ്ട്. |
| (ഡി) | എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന് നൽകാനുള്ള കുടിശ്ശികയ്ക്ക് എന്ത് പരിഹാരമാണ് മാനേജ്മെന്റ് നിർദ്ദേശിക്കുന്നത്; മില്ല് ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | പി.എഫ് കുടിശ്ശിക ഇനത്തിൽ നൽകുവാനുള്ള 243 ലക്ഷം രൂപയിൽ 6.27 ലക്ഷം രൂപയാണ് അടച്ചിട്ടുള്ളത്. മില്ലിന്റെ പ്രവർത്തനം മുന്നോട്ടു പോകുന്ന മുറയ്ക്ക് പി.എഫ് കുടിശ്ശികയിലേക്കും അടവ് വരുത്തുന്നതാണ്. പൊതുമേഖല സ്ഥാപനങ്ങളുടെ മാസ്റ്റർ പ്ലാൻ പദ്ധതികളുടെ ഭാഗമായി കോട്ടയം |

| | | | |
|---|---|---|---|
| | | | ടെക്സ്റ്റൈൽസിന്റെ നവീകരണത്തിനായി 59.05 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |
| (ഇ) | കോട്ടയം ടെക്സ്റ്റയിൽസിന്റെ വേദഗിരി കോമ്പൗണ്ടിൽ അധികമുള്ള ഭൂമിയിൽ വ്യവസായ പാർക്കും ഐ.ടി. പാർക്കും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഈ വിഷയത്തിൽ സർക്കാർ തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ